(ജി) സെക്രട്ടേറിയറ്റ് അനക്സ്, പൊതു വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യവകുപ്പു ഡയറക്ടർ എന്നിവരുടെ ഓഫീസ്, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകൾ, തിരുവനന്തപുരം കളക്ടറേറ്റ് എന്നിവിടങ്ങളിൽ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതേ തുടർന്ന് സെക്രട്ടേറിയറ്റിലെ മറ്റ് കെട്ടിടങ്ങൾ, വകുപ്പുദ്ധ്യക്ഷന്മാരുടെ ഓഫീസുകൾ, പൊതുജന സമ്പർക്കം കൂടുതലുള്ള ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിലും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(എച്ച്) അനുബന്ധമായി ചേർത്തിട്ടുള്ള സർക്കുലറിൽ ഫയലുകൾ തീർപ്പാക്കാൻ തീവ്രയത്ന പരിപാടികൾ സംഘടിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) ഇതു സംബന്ധിച്ച നിർദ്ദേശവും അനുബന്ധത്തിലെ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്.†

കാർഗിൽ യുദ്ധത്തിൽ വീരചരമമടഞ്ഞ മലയാളി ജവാന്മാരുടെ ആശ്രിതർക്ക് സഹായം

6 (*6)ശ്രീ. പി. നാരായണൻ :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി.വി. സുലൈമാൻ റാവുത്തർ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഗിൽ യുദ്ധത്തിൽ എത്ര മലയാളി ജവാന്മാർ വീര ചരമമടഞ്ഞു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഇവരുടെ ആശ്രിതർക്ക് ഇതുവരെ നൽകിയ സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ആർക്കെങ്കിലും ആനുകൂല്യങ്ങൾ ഇനി നൽകേണ്ടതായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ യുദ്ധത്തിൽ പരിക്കേറ്റതും അംഗഭംഗം വന്നവരുമായ മലയാളി ജവാന്മാർ എത്ര; ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) മരിച്ചവരുടെ ആശ്രിതർക്ക് തൊഴിൽ നൽകാനും അംഗഭംഗം വന്നവരെ പുനരധിവസിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതിയുണ്ടോ;

(ജി) ഇവരുടെ സ്മരണക്കായി ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) സൈന്യത്തിലും അർദ്ധസൈനിക വിഭാഗത്തിലും സേവനം അനുഷ്ഠിക്കുന്ന മലയാളി ഭടന്മാർ ശത്രുക്കളാലോ ഭീകരന്മാരാലോ കൊല്ലപ്പെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടുന്ന എല്ലാ സാഹചര്യങ്ങളിലും സഹായം നൽകുവാൻ കഴിയും വിധമുള്ള ഒരു സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) കാർഗിൽ യുദ്ധത്തിലും തുടർന്നുള്ള ജമ്മു കാശ്മീരിലെ സൈനിക നടപടികളിലുമായി ഇതുവരെ 19 മലയാളി ജവാന്മാർ വീരചരമമടഞ്ഞിട്ടുണ്ട്. അവരുടെ പേരുവിവരം അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.†

(സി) കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ 19 മലയാളി ജവാന്മാരിൽ 16 പേരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപവീതവും ജയപ്രസാദിന്റെയും മോഹൻദാസിന്റേയും കുടുംബത്തിന് 2 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. മേജർ പുരുഷോത്തമന്റെ ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. തിരുവനന്തപുരത്ത് വഴുതക്കാട് ലെനിൽ നഗറിലെ വീര മൃത്യുവരിച്ച ഷിജുകുമാറിന്റെ കുടുംഹത്തിന് 10 സെന്റ് സ്ഥലം തിരുവനന്തപുരത്ത് ശാസ്തമംഗലം വില്ലേജിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. മരണമടഞ്ഞ ലഫ്. കേണൽ വിശ്വനാഥന്റെ വിധവ ശ്രീമതി ജലജാ വിശ്വനാഥന് കൊച്ചി കോർപ്പറേഷൻ പരിധിക്കകത്ത് എവിടെയെങ്കിലും 5 സെന്റ് സ്ഥലം നൽകുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാർഗിലിൽ മരണമടഞ്ഞ പരേതനായ രാധാകുമാറിന്റെ കുടുബത്തിന് 10 സെന്റ് സ്ഥലം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സജീവ് ഗോപാലപിള്ളയുടെ കുടുംബത്തിന് വീടുവെച്ചു നൽകുവാൻ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. വീടിന് സ്ഥലമില്ലാത്തവർക്ക് വസ്തു വാങ്ങാനും വീട് നിർമ്മിച്ചുനൽകുവാനും സാമ്പത്തിക സഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മരണമടഞ്ഞ മേജർ വി. പുരുഷോത്തമന് മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും ധനസഹായം നൽകുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

(ഇ) കാർഗിൽ യുദ്ധത്തിലും തുടർന്നുള്ള സൈനിക നടപടികളിലും പരിക്കേറ്റതും അംഗഭംഗം വന്നവരുമായ മലയാളികളെ സംബന്ധിച്ചുള്ള പൂർണമായ വിവരം ആർമി ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. സർക്കാരിന് വിവരം ലഭിച്ചിട്ടുള്ള 5 പേരുടെ കൂട്ടത്തിലുള്ള ശ്രീ. പി.കെ.എം. സുരേഷ്കുമാറിന് മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരെ സംബന്ധിക്കുന്ന വിശദവിവരങ്ങളും ബന്ധപ്പെട്ട രേഖകളും സൈനിക ആസ്ഥാനത്തു നിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് സാമ്പത്തിക സഹായവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതാണ്.

(എഫ്) യുദ്ധത്തിൽ മരണമടഞ്ഞവരുടെയും അമ്പത് ശതമാനത്തിൻമേൽ അംഗഭംഗം സംഭവിച്ചവരുടെയും ആശ്രിതരിൽ ഒരാൾക്ക് സംസ്ഥാന സർവ്വീസിൽ ക്ലാസ് മൂന്ന്, നാല് തസ്തികകളിൽ നിയമനം നൽകുവാൻ വ്യവസ്ഥയുണ്ട്. അംഗഭംഗം വന്നവർക്കു സാമ്പത്തികസഹായത്തിനു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പുറമേ പുനരധിവാസത്തിനുള്ള പദ്ധതികൾ സൈനികക്ഷേമ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്.

(ജി) മരണമടഞ്ഞ എല്ലാ ഭാരതീയ സൈനികരുടെയും സ്മാരക മായി തിരുവനന്തപുരത്ത് യുദ്ധസ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(എച്ച്) സൈനിക സേവനത്തിലും അർദ്ധസൈനിക വിഭാഗത്തിലും പ്രവർത്തിച്ചുവരവെ കൊല്ലപ്പെടുകയോ കാണാതാവുകയോ അംഗഭംഗം സംഭ വിക്കുകയോ ചെയ്യുന്ന കേരളീയരായ, സൈനികർക്കും അവരുടെ ആശ്രി തർക്കും സാമ്പത്തിക സഹായം നൽകുന്നതിനു മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ ഇപ്പോൾ വ്യവസ്ഥകളുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

7 (*7)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഇതിനായുള്ള നടപടി എന്നാണ് ആരംഭിച്ചത്;

(സി) ഇക്കാര്യത്തിൽ 1999-ലെ ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്രഗവണ്മെന്റിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന് കേന്ദ്രഗവണ്മെന്റിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അപേക്ഷ നൽകി യിട്ടില്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടു ത്തുമോ;

(ഇ) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുവാൻ ജസ്വന്ത്സിംഗ് കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കുവാൻ തയ്യാറാണോ എന്ന് സംസ്ഥാന ഗവണ്മെന്റിനോട് കേന്ദ്ര നിയമവകുപ്പ് ചോദിച്ചിട്ടുണ്ടോ; എങ്കിൽ അതിന് മറു പടി നൽകിയോ;

(എഫ്) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടി ക്രമം എന്താണ്;

(ജി) സംസ്ഥാന ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോട് നടപടിക്രമം അനുശാസിക്കുന്നവിധം ഇതിനായി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന്;

(എച്ച്) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതാ ണെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly